2500
8/2/16

304/16

കേരള സർക്കാർ

സംഗ്രഹം

സാമൂഹിക നീതി വകുപ്പ്-18.5.2013 ലെ സ.ഉ(പി) നം.40/13/സാ.നീ.വ നമ്പർ ഉത്തരവു പ്രകാരം പുനർ/സ്ഥിര നിയമനം ലഭിച്ച അംഗപരിമിതരുടെ സർവ്വീസ് ആനുകൂല്യങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹികനീതി (ഡി) വകുപ്പ്

സ.ഉ(അച്ചടിച്ചത്) നം.01/16/സാ.നീ.വ — തിരുവനന്തപുരം, തീയതി 3.2.2016

---

പരാമർശം- 18.5.2013 ലെ സ.ഉ(പി) 40/13/സാ.നീ.വ നമ്പർ ഉത്തരവ്

## ഉത്തരവ്

പരാമർശ ഉത്തരവു പ്രകാരം 16.8.99 മുതൽ 31.12.2003 നുമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള 2677 അംഗപരിമിതർക്ക് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർ/റഗുലർ നിയമനം നൽകുന്നതിന് ഉത്തരവായിരുന്നു.

2. ഇങ്ങനെ പുനർനിയമനം ലഭിക്കുന്നവരെ സൂപ്പർന്യൂമററി തസ്തികകളിൽ നിയമിക്കുന്നതിനാലും ഇവർ പെൻഷൻ പറ്റി പിരിയുന്ന മുറയ്ക്ക് ടി തസ്തികകൾ ഇല്ലാതാകുന്നതിനാലും ഇവരുടെ സേവന വ്യവസ്ഥകൾക്ക്, അതായത് സീനിയോരിറ്റി, പ്രൊബേഷൻ, സ്ഥാനക്കയറ്റം, മറ്റ് സർവ്വീസ് ആനുകൂല്യങ്ങൾ എന്നിവയ്ക്കുള്ള മാനദണ്ഡങ്ങൾ രൂപീകരിക്കണമെന്നും ഇവരെ സ്ഥിരപ്പെടുത്തിയ വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ നിന്നും ആവശ്യം ഉയർന്നിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു മേൽ പരാമർശിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവരുടെ സേവന വ്യവസ്ഥകൾ താഴെപ്പറയും പ്രകാരം രൂപീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(1) അവധി, യാത്രാബത്ത, ദിനബത്ത, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്** : സ്ഥിരജീവനക്കാർക്കുള്ള വ്യവസ്ഥകൾ ബാധകമാണ്.

**(2) ഇൻക്രിമെന്റ്**:- സ്ഥിരജീവനക്കാർക്കുള്ള വ്യവസ്ഥകൾ ബാധകമാണ്.

**(3) പ്രോവിഡന്റ് ഫണ്ട്**:-1.4.2013 നു ശേഷം, 18.5.2013 ലെ സ.ഉ(അച്ചടിച്ചത്) 40/13/സാ.നീ.വ ഉത്തരവു പ്രകാരം, സർക്കാർ സേവനത്തിൽ പ്രവേശിച്ചവർക്ക് അർഹത(eligibility), പദ്ധതി (scheme), വിഹിതം(contribution) എന്നിവയ്ക്ക് ദേശീയ പെൻഷൻ പദ്ധതി പ്രകാരമുള്ള വ്യവസ്ഥകൾ ബാധകമായിരിക്കും

**(4) പെൻഷൻ**:- 1.4.2013 നു ശേഷം സർക്കാർ സേവനത്തിൽ പ്രവേശിച്ചതിനാൽ ഇവർ ദേശീയ പെൻഷൻ പദ്ധതിയുടെ പരിധിയിൽ വരുന്നതും ഇവരുടെ പെൻഷൻ പ്രായം 60 വയസ്സ് ആയിരിക്കുന്നതുമാണ്.

**(5) സീനിയോരിറ്റിയും നിരീക്ഷണ കാലവും(Seniority & Probation)**:- സൂപ്പർന്യൂമററി തസ്തികകളിൽ നിയമിക്കപ്പെടുന്നതിനാലും സേവനം പൂർത്തിയാക്കി പ്രസ്തുത തസ്തികയിൽത്തന്നെ വിരമിക്കുന്നതിനാലും 18.5.2013 ലെ സ.ഉ(അച്ചടിച്ചത്) 40/13/സാ.നീ.വ നമ്പർ ഉത്തരവ് പ്രകാരം നിയമിതരായവർക്ക് സ്ഥിരജീവനക്കാരെ പോലെ സീനിയോരിറ്റിക്കും പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനും അർഹത ഉണ്ടായിരിക്കുന്നതല്ല.

8/2/16

**(6) സ്ഥാനക്കയറ്റം (Promotion)** :- ടി ഉത്തരവു പ്രകാരം സൂപ്പർന്യൂമററി തസ്തികകളിൽ നിയമിക്കപ്പെടുന്നതിനാൽ ഇവരും സ്ഥിരജീവനക്കാരും ഒരുമിച്ചുള്ള (Combined) സീനിയോരിറ്റി ലിസ്റ്റ് ഉണ്ടായിരിക്കുന്നതല്ല. സ്ഥിരജീവനക്കാർക്ക് നൽകുന്ന പ്രൊമോഷനും ഇവർക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

**(7) സ്ഥലംമാറ്റം** :- ഒരു പ്രത്യേക സ്ഥലത്തേയ്ക്കോ, വകുപ്പിലേയ്ക്കോ/സ്ഥാപനത്തിലേയ്ക്കോ പ്രത്യേകം സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചിരിക്കുന്നതിനാൽ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രാരംഭ നിയമനം ലഭിച്ച സ്ഥലം/വകുപ്പിൽ നിന്നും മറ്റൊരു ജില്ല/ വകുപ്പിലേക്ക് സ്ഥലംമാറ്റത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

**(8) അച്ചടക്ക നടപടി** :- ടി ഉത്തരവനുസരിച്ച് സൃഷ്ടിച്ച സൂപ്പർന്യൂമററി തസ്തികകളിൽ നിയമിക്കപ്പെടുന്നവർക്ക് കേരള സർക്കാർ ജീവനക്കാർക്കുള്ള പെരുമാറ്റച്ചട്ടങ്ങളും (Kerala Goverment Servants Conduct Rules) കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും)(KERALA CIVIL SERVICES(CLASSIFICATION, CONTROL & APPEAL) RULES) ചട്ടങ്ങൾ ബാധകമായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**എ. ഷാജഹാൻ**
സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
സംസ്ഥാന വികലാംഗ കമ്മീഷണർ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം(ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ ഓഫീസ്, എറണാകുളം, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
സെക്രട്ടറി, നിയമസഭ, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ പൊതുമേഖലാ വകുപ്പ് എം.ഡി/സി.ഇ.ഒ മാർക്കും
രജിസ്ട്രാർ, കേരള/ മഹാത്മാഗാന്ധി/ കൊച്ചിൻ/ കാലിക്കട്ട്/ കണ്ണൂർ/ ശ്രീ ശങ്കരാചാര്യ/ കാർഷിക സർവ്വകലാശാല
രജിസ്ട്രാർ, സഹകരണ സംഘം, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം
ചെയർമാൻ, ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ)/(ആഡിറ്റ്) കേരള, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
നിയമം ധനകാര്യം ഉൾപ്പടെ സെക്രട്ടേറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും
പൊതുഭരണ(എസ്.സി) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ് & ന്യൂ മീഡിയ)
ഡയറക്ടർ, എംപ്ലോയ്മെന്റ് & ട്രെയിനിംഗ്, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
(signature)
സെക്ഷൻ ഓഫീസർ

Endt no.A3/18977/2013 Dated: 21.03.2016

Copy communicated for information and urgent necessary action

(signature)
Administrative officer

To
Principals of all ITIs